**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2181** **06-07-2022 - ൽ മറുപടിയ്ക്ക്**

**ജനറൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ ഒന്നാം വർഷ പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒന്നാം വർഷ ജനറൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷ യഥാസമയം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി പരീക്ഷ സമയബന്ധിതമായി നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-ൽ കോവിഡ് മഹാമാരിയുടെ വ്യാപനം മൂലം റഗുലർ പരീക്ഷകൾ ഒന്നും തന്നെ കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ നടത്തിയിരുന്നില്ല. ആയതിനാൽ 2019 അഡ്മിഷനിലുള്ള വിദ്യാർത്ഥികളുടെ ഒന്നാം വർഷ ജി.എൻ.എം.റഗുലർ പരീക്ഷകൾ സെപ്റ്റംബർ 2021-ൽ നടത്തുകയും അവയുടെ പരീക്ഷാഫലം 05/01/2022-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ പരീക്ഷകളുടെ പുനർമൂല്യ നിർണ്ണയഫലം 14/02/2022-ൽ പ്രസിദ്ധപ്പെടുത്തിയ ശേഷം 19/04/2022 മുതൽ 26/04/2022 വരെയുള്ള തീയതികളിൽ ഒന്നാം വർഷ ജി.എൻ.എം (2019 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ നടത്തുകയും, ഇവയുടെ പരീക്ഷാഫലം 08/06/2022-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. സപ്ലിമെന്ററി പരീക്ഷയിൽ പുനർമൂല്യ നിർണ്ണയത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ 28/06/2022, 29/06/2022 എന്നീ തീയതികളിൽ പുനർമൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എത്രയും വേഗം പുനർമൂല്യനിർണ്ണയഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ